LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 17-2-2012-ലെ G.O.(Ms) 31/2012/Agri. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. 2014-15 ഒന്നും രണ്ടും സീസണിലായി 549641.930 മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തി അയ്യായിരത്തിൽപ്പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. നടപ്പ് (2014-15-IInd) സീസണിൽ 125698 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2014-15 ഒന്നും രണ്ടും സീസണിലായി ഏകദേശം 5.5 LMT നെല്ല് സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 549641.930 മെ.ടൺ നെല്ല് സംഭരിച്ചു.

(ഇ) നെല്ല് സംഭരിച്ചശേഷം കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രം ഉണ്ടാക്കി. അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുന്നു. (ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്.) കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു.

തൃപ്പി ന്യായവില ഭക്ഷണശാലകൾ

197 (1230) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറഞ്ഞ ചെലവിൽ ഭക്ഷണം ലഭിക്കുന്നതിന് 'തൃപ്തി' ന്യായവില ഭക്ഷണശാലകൾ സ്ഥാപിക്കുമെന്ന 2013-14 ബജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം ഭക്ഷണശാലകൾക്ക് എന്തെല്ലാം ഇളവുകൾ നൽകുമെന്നായിരുന്നു ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നത് ; ഇത് നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് എത്ര മാവേലി ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ; ഇതിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സാധാരണക്കാരായ ആളുകൾക്ക് പ്രത്യേകിച്ച് തൊഴിലാളി വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യപ്രാപ്തിക്കുവേണ്ടി 20 രൂപ നിരക്കിൽ ഭക്ഷണം നൽകുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പ്, കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ തുടങ്ങിയ മഹിളാ സംഘടനകളിൽകൂടി നടപ്പിലാക്കാനും ഹോട്ടലുകളിലെ കെട്ടിട വാടക, ഇലക്ട്രിസിറ്റി, വാട്ടർ ചാർജ് എന്നിവയ്ക്കായി പ്രതിവർഷം 5 ലക്ഷം രൂപവരെ സർക്കാർ ഗ്രാന്റായി നൽകാമെന്നും തീരുമാനിച്ചിരുന്നു. ഇതിനുപുറമേ പ്രതിവർഷം 50,000 രൂപ മാനേജീരിയൽ സബ്സിഡിയും വിവിധ സർക്കാർ ഏജൻസികൾവഴി ഭക്ഷ്യധാന്യങ്ങൾ, പലവ്യഞ്ജനം, പച്ചക്കറികൾ, മത്സ്യം തുടങ്ങിയവ ന്യായവിലയ്ക്കും സൗജന്യ നിരക്കിൽ ഗ്യാസ് കണക്ഷനും ലഭ്യമാക്കുന്നതാണ്.

(സി) 52 ന്യായവില ഭക്ഷണശാലകൾ ആരംഭിച്ചിരുന്നു. നിലവിൽ മാവേലി ന്യായവില ഭക്ഷണശാലകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

പഹൽ സ്കീം

198 (1231) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.പി.ജി. ഉപഭോക്താക്കളിൽ എത്ര ശതമാനംപേർ "പഹൽ " സ്കീമിൽ അംഗങ്ങളായുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അർഹതയുള്ള എല്ലാ ഉപഭോക്താക്കളെയും പ്രസ്തുത പദ്ധതിക്കു കീഴിൽ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എൽ.പി.ജി. സിലിണ്ടറുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ഗ്യാസ് ഏജൻസികൾ കാണിക്കുന്ന അലംഭാവം തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട് ; വിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly